milma®

Malabar Regional Co-operative Milk Producers' Union Ltd.

Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

No: MRU: P&I: 301: 558 30.11.2023

**സർക്കുലർ 962/2023**

**വിഷയം : മിൽമ കാലിത്തീറ്റ വിൽപ്പന – മേഖലാ യൂണിയന്റെ കാലിത്തീറ്റ ഡിസ്കൗണ്ട് വർദ്ധിപ്പിച്ചത് സംബന്ധിച്ച്.**

**സൂചന : 28.11.2023 ന് ചേർന്ന മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ 60/(GEN)/4 -ാം നമ്പർ തീരുമാനം.**

മലബാർ മേഖലാ യൂണിയന് പാൽ നൽകുന്ന ക്ഷീര സംഘങ്ങളിലെ ക്ഷീര കർഷകർക്ക് ഉൽപ്പാദനോപാധികൾക്ക് പരമാവധി വില കുറച്ച് നൽകുന്നതിന്റെ ഭാഗമായി, ക്ഷീര സംഘങ്ങളിലൂടെ നൽകുന്ന **മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്ക് ഒന്നിന് 30 രൂപ** വീതം 2023 ജൂൺ 1 മുതൽ സബ്സിഡി നൽകിയിരുന്നു. 28.11.2023 തീയ്യതിയിൽ ചേർന്ന മേഖലാ യൂണിയൻ ഭരണസമിതി, **2023 ഡിസംബർ മാസം വിതരണം ചെയ്യുന്ന മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് ചാക്ക് ഒന്നിന് 100 രൂപ സബ്സിഡി** നൽകുന്നതിനും, അതിലൂടെ കാലിത്തീറ്റയുടെ വില ചാക്കൊന്നിന് 1450 രൂപയായി കുറവ് വരുത്തുന്നതിനും തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന സബ്സിഡിയുടെ മൂന്നിരട്ടിയിലധികം സബ്സിഡി ക്ഷീര കർഷകർക്ക് ലഭിക്കുന്നതിനൊപ്പം, കാലിത്തീറ്റയുടെ വില 6.5% കുറയ്ക്കാൻ ഇതിലൂടെ സാധിക്കും. ഇത്തരത്തിൽ ഈ സാമ്പത്തിക വർഷത്തിൽ നവംബർ മാസം വരെ 10 കോടി രൂപ തീറ്റ വസ്തുക്കൾക്കുള്ള സബ്സിഡിയായി ക്ഷീര കർഷകർക്ക് മേഖലാ യൂണിയൻ കൈമാറി കഴിഞ്ഞിട്ടുണ്ട്.

കൂടാതെ ക്ഷീര സംഘങ്ങളിൽ നിന്നും ക്ഷീര കർഷകർ വാങ്ങുന്ന മലബാർ റൂറൽ ഡെവലപ്പ്മെന്റ് ഫൗണ്ടേഷന്റെ പെല്ലെറ്റ് രൂപത്തിലുള്ള **ടി.എം.ആർ കാലിത്തീറ്റ 50 കിലോ ചാക്ക് ഒന്നിന് 25 രൂപ വീതം**, നൽകി വരുന്ന സബ്സിഡി, 2023 ഡിസംബർ 1 മുതൽ 31 വരെ തുടരുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

**മാനേജിംഗ് ഡയറക്ടർ ഇൻ ചാർജ്ജ്**

മേഖലാ യൂണിയന് പാൽ നൽകുന്ന എല്ലാ ക്ഷീര സംഘങ്ങൾക്കും

പകർപ്പ്- ജനറൽ മാനേജർമാർ, ഡിപ്പാർട്ട്മെന്റ് ഹെഡ്സ് -എച്ച്.ഒ,
എല്ലാ ഡെയറി മാനേജർമാർക്കും
ജില്ല/പി & ഐ യൂണിറ്റ് മേധാവികൾ,
പി.എസ്സ്. റ്റു എം.ഡി,
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എം.ആർ.ഡി.എഫ്.
മാനേജർ, കാലിത്തീറ്റ ഫാക്ടറി, മലമ്പുഴ & പട്ടണക്കാട്
അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)
www.mrcmpu.com/E-Stock Files

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. D 89 (D) H.O. Calicut